പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യംനമ്പർ:3243 | 03.04.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പഞ്ചായത്ത് വകുപ്പിലെ കണ്ടിജന്റ് തസ്തികകൾ

| ചോദ്യം<br>**ശ്രീ.എസ്.ശർമ്മ** | | മറുപടി<br>**ഡോ.എം.കെ.മുനീർ ,<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | പഞ്ചായത്ത് വകുപ്പിൽ കണ്ടിജന്റ് തസ്തികകൾ ഉൾപ്പെടെ ആകെ എത്ര തസ്തികകൾ ഉണ്ട്; ഇവയിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നുവെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ; | (എ) | പഞ്ചായത്ത് വകുപ്പിൽ കണ്ടിജന്റ് തസ്തികകൾ ഉൾപ്പെടെയുള്ള തസ്തികകളുടെ എണ്ണം ച്ചുവടെ ചേർക്കുന്നു. |

| | |
|---|---|
| സെക്രട്ടറി | 47 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 |
| ജൂനിയർ സൂപ്രണ്ട് | 15 |
| ഹെഡ് ക്ലാർക്ക് | 24 |
| അക്കൗണ്ടന്റ് | 20 |
| സീനിയർ ക്ലാർക്ക് | 231 |
| ക്ലാർക്ക് | 325 |
| ഓഫീസ് അറ്റൻഡന്റ് | 53 |
| പാർട്ട് ടൈം ലൈബ്രേറിയൻ | 12 |
| പാർട്ട് ടൈം സ്വീപ്പർ | 38 |
| ഫുൾ ടൈം സ്വീപ്പർ | 156 |
| ഫെറിമാൻ | 4 |
| പൗണ്ട് കീപ്പർ | 11 |

2013 കാലയളവിൽ കണ്ടിജന്റ് തസ്തികയിൽ 33 എണ്ണം ഒഴിഞ്ഞു കിടന്നിരുന്നു. ഒഴിവുകൾ മാറികൊണ്ടിരിക്കുന്നു എന്നതിനാൽ മറ്റു തസ്തികകളുടെ വിവരം ലഭ്യമല്ല.

| | | | |
|---|---|---|---|
| (ബി) | ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഈ ഒഴിവുകൾ അടിയന്തിരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ? | (ബി) | സ്ഥിരം തസ്തികകളിലെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കണ്ടിജന്റ് തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നികത്താൻ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും |

| | | | നിർദ്ദേശം നൽകിയിട്ടുണ്ട്. |
|---|---|---|---|

**M B RAJESH**
**MINISTER**

<u>പതിമൂന്നാം കേരള നിയമസഭ - എട്ടാം സമ്മേളനം - നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3243 03.04.2013 തീയതിൽ മറുപടി നൽകേണ്ടിയിരുന്നത് - കാലതാമസത്തിനുള്ള വിശദീകരണം.</u>

പതിമൂന്നാം കേരള നിയസഭയുടെ എട്ടാം സമ്മേളനത്തിൽ ശ്രീ.എസ്.ശർമ്മ എം.എൽ.എ ഉന്നയിച്ച 3243 ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് 03.04.2013 ൽ ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി മറുപടി നൽകേണ്ട ചോദ്യത്തിലെ (എ) പിരിവിന് വിവരം ശേഖരിച്ചു വരുന്നു എന്ന മറുപടിയാണ് നൽകിയിരുന്നത്. പ്രസ്തുത ചോദ്യത്തിന് സമഗ്രവും സമ്പൂർണ്ണവുമായ മറുപടി നൽകുന്നതിനായി പഞ്ചായത്ത് വകുപ്പിൽ നിന്നും വിവരങ്ങൾ ആവശ്യപ്പെടേണ്ടി വന്നു. പ്രസ്തുത നിയമസഭാ ചോദ്യത്തിന് മറുപടി നൽകേണ്ട ദിവസം കഴിഞ്ഞതിന് ശേഷമാണ് 'പഞ്ചായത്ത് വകുപ്പിൽ കണ്ടിജന്റ് തസ്തികകൾ ഉൾപ്പെടെ ആകെ എത്ര തസ്തികകൾ' സംബന്ധിച്ച മറുപടി പഞ്ചായത്ത് വകുപ്പിൽ നിന്നും ലഭിച്ചത്. എന്നാൽ ഇവയിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നുവെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കിയിരുന്നില്ല. ഒഴിവുകൾ എപ്പോഴും മാറികൊണ്ടിരിക്കുന്നതിനാൽ മേൽ ചോദ്യത്തിന് ഇപ്പോൾ മറുപടി നൽകാൻ സാധിക്കുന്നില്ല. തുടർന്ന് ഫിസിക്കലായി കൈകാര്യം ചെയ്തിരുന്ന ഫയൽ മിസ്പ്ളേസ് ആയതിനാൽ യഥാസമയം അന്തിമ മറുപടി നൽകുവാൻ സാധിച്ചില്ല. ഇക്കാര്യത്തിൽ മനപ്പൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല. ആകായൽ ഇക്കാര്യത്തിലുള്ള വിശദീകരണം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അന്തിമ മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.